**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3294** **15-02-2024 - ൽ മറുപടിയ്ക്ക്**

**നെന്മാറ നിയോജക മണ്ഡലത്തിലെ വിവിധ നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 2023-2024 വർഷത്തെ ബജറ്റിൽ 20 ശതമാനം തുക വകയിരുത്തി പൊതുമരാമത്ത് കെട്ടിട വിഭാഗം നിർമ്മാണ ചുമതല നിർവഹിക്കുന്ന നെന്മാറ നിയോജക മണ്ഡലത്തിലെ നെന്മാറ സി.എച്ച്.സി, പല്ലാവൂർ ജി.എൽ.പി സ്കൂൾ, കൊട്ടുവായൂർ ജി.എച്ച്.എസ്.എസ്, മുതലമട ജി.എച്ച്.എസ്.എസ് എന്നിവിടങ്ങളിലെ പ്രവൃത്തികൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | **2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 20% തുക വകയിരുത്തി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം നിർമ്മാണ ചുമതല വഹിക്കുന്ന നെന്മാറ നിയോജക മണ്ഡലത്തിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>**1. നെന്മാറ സി.എച്ച്.സി കെട്ടിടം നിലവിലുള്ള പഴയ കെട്ടിടം പൊളിച്ചുമാറ്റി സൈറ്റ് തടസ്സരഹിതം ആക്കുന്നതിന് 19/12/2023, 11/01/2024 തീയതികളിൽ നെന്മാറ സി.എച്ച്.സി സൂപ്രണ്ടിന് കത്ത് നൽകിയിട്ടുണ്ട്. ആർക്കിടെക്ചറൽ ഡ്രോയിംഗ് 11/01/2024 തീയതിയിൽ സി.എച്ച്.സി സൂപ്രണ്ടിന് നൽകിയിരുന്നു. ആശുപത്രി അധികൃതർ പ്ലാനിൽ മാറ്റങ്ങൾ/കൂട്ടി ചേർക്കലുമായി ബന്ധപ്പെട്ട് കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് 07/02/2024 -ൽ നെന്മാറ പൊതുമരാമത്ത് വകുപ്പ് വിശ്രമ മന്ദിരത്തിൽ പൊതുമരാമത്ത് ആർക്കിടെക്റ്റുമായി കൂടിയ യോഗത്തിൽ ചർച്ച ചെയ്യുകയും ആയത് പ്രകാരം ആർക്കിടെക്ചറൽ വിഭാഗം പുതുക്കിയ രൂപരേഖ തയ്യാറാക്കി വരുകയാണ്.**<br>**2. പല്ലാവൂർ G.L.P സ്കൂളിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി 08/02/2024-ലെ G.O.(Rt)No.153/2024/PWD പ്രകാരം 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് കെട്ടിട വിഭാഗം തയ്യാറാക്കി വരുന്നു.**<br>**3. മുതലമട GHSS -ന്റെ വിവിധ നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട ആർക്കിടെക്ചറൽ ഡ്രോയിംഗ് ആർക്കിടെക്ചറൽ വിഭാഗത്തിൽ തയ്യാറാക്കി വരുന്നു.**<br>**4. കൊട്ടുവായൂർ GHSS-ന് പ്രസ്തുത പ്രവൃത്തിയുടെ Structural Frame Work ഉം Masonry Work ഉം** |

| | | | |
|---|---|---|---|
| | | | **പൂർത്തീകരിച്ച് Plastering പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.** |
| (ബി) | പ്രസ്തുത പ്രവൃത്തികൾ എന്ന് തുടങ്ങി എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ? | (ബി) | നെന്മാറ സി.എച്ച്.സി കെട്ടിടം, മുതലമട GHSS എന്നിവയ്ക്ക് വിശദമായ ആർക്കിടെക്ച്ചറൽ ഡ്രോയിംഗ് അംഗീകരിച്ച് ലഭ്യമാകുന്ന മുറയ്ക്ക് മണ്ണ് പരിവേഷണത്തിനുള്ള നടപടികൾ സ്വീകരിച്ച് സ്ട്രക്ച്ചറൽ ഡിസൈൻ ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>**പല്ലാവൂർ G.L.P സ്കൂളിന്റെ വിവിധ നിർമ്മാണ പ്രവൃത്തികൾക്കായി 08/02/2024-ലെ G.O.(Rt)No.153/2024/PWD പ്രകാരം 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.** സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനും ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി തുടങ്ങുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതും, എഗ്രിമെന്റ് നടപടികൾ പൂർത്തീകരിച്ചാൽ ഒരു വർഷ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുന്നതുമാണ്.<br><br>കൊടുവായൂർ GHSS -ന്റെ പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് 24/05/2023 ന് കരാറുകാരന് സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുണ്ട്. ഈ പ്രവർത്തിയുടെ പൂർത്തീകരണ തീയതി 24/11/2024 നാണ്. |

സെക്ഷൻ ഓഫീസർ